പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2167 **26-10-2026-ൽ മറുപടിയ്ക്ക്**

വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ച്ചറർ ഗ്രേഡ് -II ജീവനക്കാരുടെ പ്രൊമോഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ഡോ. മാത്യു കുഴൽനാടൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിലെ വികസന പരിശീലന കേന്ദ്രങ്ങളിലെ ബിരുദാനന്തര ബിരുദം യോഗ്യതയുള്ള ലക്ച്ചറർ ഗ്രേഡ്- II തസ്തികകൾ സ്റ്റേറ്റ് സർവീസിൽ ഉൾപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻകാല പ്രാബല്യത്തോടെ പ്രസ്തുത തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സ്റ്റേറ്റ് സർവീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

മറുപടി: ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വികസന പരിശീലന കേന്ദ്രങ്ങളിലെ ഗ്രേഡ് II ലക്ചറർ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർ സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1184/2026 കേസ് ഫയൽ ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഈ കേസിൽ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് അനുസരിച്ച് സർക്കാർ ഹിയറിംഗ് നടത്തുകയുണ്ടായി. തുടർന്ന് സർക്കാർ ഈ വിഷയം പരിശോധിച്ചു വരുന്നു. അന്തിമതീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ഗ്രേഡ് -I പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടോ;

മറുപടി: നിലവിൽ ലക്ചറർ ഗ്രേഡ്-II തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഭൂരിഭാഗം ജീവനക്കാർക്കും സ്ഥാനക്കയറ്റം നൽകുന്നതിനായി അവരുടെ കാറ്റഗറികളിൽ തുടർന്ന് ലക്ചറർ ഗ്രേഡ്-I തസ്തികകൾ നിലവിലില്ലാത്തതിനാൽ ഇവർക്ക് ലക്ചറർ ഗ്രേഡ്-I പ്രൊമോഷൻ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) വിശേഷാൽ ചട്ടപ്രകാരം ലക്ചറർ ഗ്രേഡ്-II തസ്തികയിൽ 5 വർഷം പൂർത്തിയാക്കിയവർക്ക്, ആ തീയതി മുതൽ ഗ്രേഡ്-I പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

മറുപടി: ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വികസന പരിശീലന കേന്ദ്രങ്ങളിലെ ഗ്രേഡ് II ലക്ചറർ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർ സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1184/2026 കേസ് ഫയൽ ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഈ കേസിൽ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് അനുസരിച്ച് സർക്കാർ ഹിയറിംഗ് നടത്തുകയുണ്ടായി. തുടർന്ന് സർക്കാർ ഈ വിഷയം പരിശോധിച്ചു വരുന്നു. അന്തിമതീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

സെക്ഷൻ ഓഫീസർ